കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**director.ksad@kerala.gov.in**

അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

**2014-2015**

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail:dotsr.ksad.gov.in.**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ.ടിഎസ്ആർ(പി2)683/16

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020.

ഫോൺ നമ്പർ-0487 2331249

തിയതി: 13.05.2016

e-mail :dotsr.ksad.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2014-2015 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2014-2015 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെഎസ്എ.ടിഎസ്ആർ(പി2)683/16

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം ,തൃശ്ശൂർ

<u>തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2014-2015** സാമ്പത്തിക</u>

വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.02.2015 മുതൽ 17.04.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാനഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിൻചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.വൈ.സലിം<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.04.2016 മുതൽ 29.04.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| |
|---|
| മേരി ഹണി ജോസഫ്<br>ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിജയശ്രീ.പി.<br>അസി.ഓഡിറ്റ് ഓഫീസർ |
| സുനിത.ആർ<br>സോന.കെ.സത്യൻ<br>ഓഡിറ്റർമാർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | വിൻസന്റ് പള്ളിപ്പാടൻ | 11.4.2014-31.03.2015 |

| | | |
|---|---|---|
| സെക്രട്ടറി | കെ.വി. വത്സലകുമാരി | 01.04.2014-15.05.2014 |
| സെക്രട്ടറി(ഇൻ ചാർജ്) | പി.ഡി.ജോയ് | 16.05.2014-13.07.2014 |
| സെക്രട്ടറി | കെ.വി. വത്സലകുമാരി | 14.07.2014-31.03.2015 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | പി.ഡി.ജോയ് | 01.04.2014-31.03.2015 |
| അസി. എഞ്ചിനീയർ | സന്ദീപ്.എ.വി | 01.04.2014-09.06.2014 |
| | അനൂപ്.കെ.എം | 10.06.2014-31.08.2014 |
| | സന്ദീപ്.എ.വി | 01.09.2014 -31.03.2015 |
| കൃഷി ഓഫീസർ | ബിജു .വി. ബാലൻ | 01.04.2014-31.03.2015 |
| ഐസിഡി എസ് സൂപ്പർ വൈസർ | റോസിലി | 01.04.2014-31.03.2015 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അവിണിശ്ശേരി | ഡോ. കെ.ആർ .ബിജു | 01.04.2014-28.06.2014 |
| | ഡോ.സുബോധ് വി.എസ് | 29.06.2014-31.03.2015 |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.മിനി എബ്രഹാം | 01.04.2014-24.07.2014 |
| | ഡോ.ഗീത.പി.കെ | 25.07.2014-31.03.2015 |
| വെറ്ററിനറി സർജൻ | ഡോ.എം.കെ.ഗിരിജ | 01.04.2014-31.03.2015 |
| വിഇഒ,പാലിശ്ശേരി | ജോഷീല പി.ജെ | 01.04.2014-30.09.2014 |
| | ഷൈനി.സി.പി | 01.10.2014-31.03.2015 |
| എൽ.വി.ഒ അവിണിശ്ശേരി | ജോഷീല പി.ജെ | 01.04.2014-16.06.2014 |
| | സിന്ധു പി.ജി | 17.06.2014-31.03.2015 |

<u>ഉള്ളടക്കം</u>

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| | | |
|---|---|---|
| നം. | | നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **2** | |
| 12 | പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് കടമുറി (X/360 F ) വാടക അടവാക്കുന്നില്ല. | 2-1 |
| 13 | കടമുറി ലേലം കൊണ്ടതും ഡി.ആന്റ്.ഒ. ലൈസൻസ് അനുവദിച്ചതും വ്യത്യസ്ത വ്യക്തികൾക്ക് | 2-2 |
| 14 | ഡി.ആന്റ്.ഒ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു | 2-3 |
| 15 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് നല്കിയിരിക്കുന്നു. | 2-4 |
| 16 | വസ്തുനികുതി കുറവ് ഈടാക്കി | 2-5 |
| | ഭാഗം **3** | |
| 17 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. | 3-1 |

| | | |
|---|---|---|
| | | |
| 18 | തുല്യതാ പരീക്ഷ | 3-2 |
| 19 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം-വിനിയോഗവിവരമില്ല | 3-3 |
| 20 | സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കി | 3-4 |
| 21 | ഫോട്ടോസ്റ്റാറ്റ് എഎംസി-കരാർ അപൂർണ്ണം | 3-5 |
| 22 | പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ | 3-6 |
| 23 | കന്നുകുട്ടി പരിപാലനം -അപാകത | 3-7 |
| 23 | പഞ്ചായത്ത് ഗ്രൗണ്ട് - ചുറ്റുമതിൽ നിർമ്മാണം. | 3-8 |
| 24 | പൈക്കാ 2014-15 തീവണ്ടിക്കളം നവീകരണം | 3-9 |
| 25 | ക്ഷേമപെൻഷൻ -അപാകതകൾ | 3-10 |
| 26 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-11 |
| | ഭാഗം **4** | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | ഓഡിറ്റ് റിക്കവറി | 4-5 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം -1

## പൊതു അവലോകനം


## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 01.03.2014 തിയ്യതിയിലെ I-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

മുന്നിരിപ്പ് = 14311950

വരവ് = 67012000

ആകെ = 71323950

ചെലവ് = 65858500

നീക്കിയിരിപ്പ് = 5465450

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 29.07.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2014-15 | നം.കെ.എസ്.എ-ടി.എസ്.ആർ (ഇ3)-1456/15(18) / 15.10.15<br>വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം |

സാക്ഷ്യപത്രപ്രകാരമുള്ള ന്യൂനതകൾ ഇപ്പോഴും പരിഹരിച്ചിട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 10922638

വരവ് - 54845924

ആകെ - 65768562

ചെലവ് - 49060610

നീക്കിയിരിപ്പ് – 16707952

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2032141 | *7294014 | 9326155 | 8216219 | 1109936 | 93% |
| വികസനഫണ്ട് എസ്.സി.പി. | 619710 | **3367000 | 3986710 | 2566312 | 1420398 | 62% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1457125 | 4572969 | 6030094 | 4491205 | 1538889 | 77% |
| പെർഫോമൻസ് ഗ്രാന്റ് | 1450543 | 2695000 | 4145543 | 1219840 | 2925703 | 29% |
| ബി ഫണ്ട് | 0 | 14438733 | 14438733 | 14438733 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 197075 | 5502970 | 5700045 | 5344241 | 355804 | 94% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 726248 | 2557107 | 3283355 | 2186098 | 1097257 | 70% |
| എം.എൻ.ആർ .ഇ.ജി.എസ്. | 112021 | 5229814 | 5341835 | 5255754 | 86081 | 98% |

*5794000+(വരവ്)+900000 Voting Machine സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തത്. 462500 (ബ്ലോക്ക് വിഹിതം) +137514(ജില്ല പഞ്ചായത്ത് വിഹിതം)=7294014. 2467000+900000 (ജില്ലാ പഞ്ചായത്ത് വിഹിതം) വികസന ഫണ്ട് (ജനറൽ, എസ്.പി) മുന്നിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി കാണിച്ചിരിക്കുന്നത് ക്രമീകരിച്ച് മുന്നിരിപ്പ് തയ്യാറാക്കിയിട്ടുള്ളതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 39283212 | 116 | 28914749 | 8 | 26 | 73.61 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ :- ഇല്ല</u>

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2438640 | 4368447 | 1929807 | 79 |
| നികുതിയേതര വരവുകൾ | 1317240 | 1645611 | 328371 | 25% |
| മറ്റുവരവുകൾ | 4800044 | 5644493 | 844449 | 18% |
| ആകെ | **8555924** | **11658551** | **3102627** | **36%** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135480 | 115 |
| കർഷകതൊഴിലാളി പെൻഷൻ | 1955745 | 273 |
| വിധവാപെൻഷൻ | 5857953 | 705 |
| വാർദ്ധക്യകാലപെൻഷൻ | 3046836 | 678 |
| വികലാംഗപെൻഷൻ | 1961428 | 165 |
| അവിവാഹിതപെൻഷൻ | 1267021 | 148 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.4.2016 തിയതി, 3.10 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 12277/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി, ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

വസ്തുനികുതി എഴുതിതള്ളൽ രജിസ്റ്റർ,അനധികൃത നിർമ്മാണ വിവര രജിസ്റ്റർ,അപ്പീൽ റിവിഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഗ്രാമ

സഭയിൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ചചെയ്യുകയോ ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭയിൽ ചർച്ചചെയ്യുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.03.2016 | ഫെബ്രുവരി 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2003 മുതൽ 15.11.2003 വരെ | 1997-98 മുതൽ 2002-03 വരെ | 19.02.2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി (X/360 F ) വാടക അടവാക്കുന്നില്ല.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ IX/360 F കടമുറി വാടക രജിസ്റ്റർ പ്രകാരം പോളി , പള്ളിപ്പാടൻ ഹൗസ് ,അവിണിശ്ശേരി എന്നയാൾ ഉപയോഗിച്ചു വരുന്നു. എന്നാൽ ഇയാളുടെ പേരിൽ വാടക ഉടമ്പടി ചമച്ചിട്ടില്ല. പ്രതിമാസം 1693/- രൂപ വാടക നിശ്ചയിച്ചിട്ടുള്ള ഈ കടമുറിയുടെ വാടക 2014 സെപ്റ്റംബർ മാസം മുതൽ നാളിതു വരെ അടവാക്കിയിട്ടില്ല. വാടക അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ വാടക അടവാക്കേണ്ട തിയതി മുതൽ പണം അടയ്ക്കുന്ന തിയതി വരെയുള്ള കാലത്തേയ്ക്ക് 18% പിഴ പലിശ ഈടാക്കാമെന്ന വാടക നിയമാവലി പാലിക്കേണ്ടതും 2014-2015 സാമ്പത്തിക വർഷം ടിയാനിൽ നിന്നും ലഭിക്കാനുള്ള വാടക 11851/- രൂപ (1693x7) 18% പിഴ പലിശ സഹിതം ഈടാക്കേണ്ടതുമാണ്. വാടക അടവാക്കാത്തതിൽ വീഴ്ച വരുത്തിയ ഈ വ്യക്തിക്ക് തന്നെ 2015-16 സാമ്പത്തിക വർഷവും കടമുറി അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/22.04.16 ന് മറുപടിയായി 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ) ചട്ടങ്ങളിലെ 14-ാം ചട്ടപ്രകാരം 42551/- രൂപ ഈടാക്കുന്നതിന് 18.04.16 ൽ റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് ടിയാന് നൽകിയെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 കടമുറി ലേലം കൊണ്ടതും ഡി.ആന്റ്.ഓ ലൈസൻസ് അനുവദിച്ചതും വ്യത്യസ്ത വ്യക്തികൾക്ക്

കാട്ടുങ്ങൽ വേലായുധൻ മകൻ കുട്ടപ്പൻ പാലിശ്ശേരി എന്നയാളുമായി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് IX/365-ാം നമ്പർ കടമുറിയ്ക്ക് , വാടക കരാർ നിലവിലുള്ളതും വാടക രജിസ്റ്റർ പ്രകാരം ടിയാൻ വാടക അടവാക്കി പോരുന്നതുമാണ്. എന്നാൽ ഈ കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന കെ.കെ.വി സ്റ്റോഴ്സ് എന്ന സ്ഥാപനത്തിന് 319/14-15 നമ്പറായി ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ശ്രീ.വാസു ,S/o. കണ്ടരു,കിഴവാക്കൽ എന്നയാൾക്കാണ്.ശ്രീ. കെ.കെ വാസു 30.4.2014 ന് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. മുറി ലേലം കൊണ്ടയാൾ മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെന്ന വാടക നിയമാവലി (19) പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിൽ വിശദീകരണം നല്കേണ്ടതാണ്

## 2-3 ഡി.ആന്റ്.ഒ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

ഗ്രാമ പഞ്ചായത്തിനു കീഴിൽ I,IX എന്നീ വാർഡുകളിൽ പ്രവർത്തിയ്ക്കുന്ന അബ്കാരി / കള്ള് ഷാപ്പുകൾ , II,IX,VII എന്നീ വാർഡുകളിൽ പ്രവർത്തിയ്ക്കുന്ന റീട്ടെയിൽ /റേഷൻ കടകൾ എന്നിവ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴെ പറയുന്ന കടമുറികളിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിടനമ്പർ | കരാറുകാരൻ |
|---|---|---|
| 1 | IX/360 A | രാജൻ |
| 2 | IX/360 B | സുധീർ |

| | | |
|---|---|---|
| 3 | IX/360 C | വേണു |
| 4 | IX/360 D | സുരേഷ് |
| 5 | IX/360 E | സുകുമാരൻ |
| 6 | IX/360 F | പോളി |
| 7 | IX/360 G | ഗംഗാധരൻ |
| 8 | IX/360 H | അഖിലേശ്വരൻ ടി.ഡി |
| 9 | IX/360 I | കണ്ണൻ |
| 10 | IX/360 J | ലിബീഷ് |
| 11 | IX/362 | ഫ്രാൻസിസ് |
| 12 | IX/363 | ഷാന്റോ |
| 13 | IX/364 | മോഹനൻ ടി.വി |
| 14 | IX/367 | ശ്രീധരൻ സി.കെ |

കേ.പ.രാ.ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗി ക്കാൻ പാടില്ലാത്തതാകുന്നു. മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഡി.ആന്റ്.ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

## 2-4 മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് നല്കിയിരിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിനായി സ്ഥാപന ഉടമ ബോർഡിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് ഡി. ആന്റ്.ഒ ലൈസൻസ് നല്കിയിരിക്കുന്നു.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ്/ കെട്ടിടനമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|---|
| IV/176A | 71/14-15 | R&J പാക്കേഴ്സ് |
| III /78 | 75/14-15 | പാക്കിംഗ് കേസ് |
| V/448C | 77/14-15 | കേരള പാക്കിംഗ് |
| IV/175 | 79/14-15 | അഭിലാഷ് ടിംബേഴ്സ് |
| VI/238 | 81/14-15 | അന്നപാക്കേഴ്സ് |
| X/72 | 82/14-15 | സോമിൽ |

| | | |
|---|---|---|
| X/71 | 83/14-15 | " |
| I/462 | 84/14-15 | കെ.കെ എന്റർപ്രൈസസ്സ് സോമിൽ |
| VII/134 | 87/14-15 | സെന്റ് തോമസ് ഇൻഡസ്ട്രീസ് |
| VI/114 | 90/14-15 | സെന്റ്.ജോൺ ടിംബേഴ്സ് |
| VI/354,355,356 | 94/14-15 | ഫ്രാൻസിസ് ട്രേഡിംഗ് |
| VI/100 | 100/14-15 | സുധാകരൻ കമ്പനി |
| XII/229/230/230A | 379/14-15 | മുദ്ദൽ ടിംബേഴ്സ് |

പരിസ്ഥിതി മലിനീകരണത്തിന് സാധ്യതയുള്ള ഡൈവർക്സ് , പാക്കിംഗ് കേസ് , ഫർണ്ണീച്ചർ തുടങ്ങിയ നിർമ്മാണ യൂണിറ്റുകൾ ഗ്രാമ പഞ്ചായത്തിൽ ധാരാളമായി പ്രവർത്തിയ്ക്കുന്നതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം , മറ്റ് അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയതിന് ശേഷം മാത്രം ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുറവ് ഈടാക്കി

സ.ഉ.(പി).നം.88/2013/തസ്വഭവ13.3.2013 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽനിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വരുത്തേണ്ട നികുതി വർദ്ധനവ് 20% ആണ്.എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ മേൽപറഞ്ഞപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ല.

| കെട്ടിട നം/ ആവശ്യം | തറ വിസ്തീർണ്ണം m2 | ഈടാക്കേണ്ട | | ഈടാക്കിയ | | | കുറവ് | |
|---|---|---|---|---|---|---|---|---|
| | | നികുതി | ലൈ. സെസ്സ്+ സേവന നികുതി | നികുതി | ലൈബ്രറി സെസ്സ് | രശീതി നം | നികുതി | ലൈബ്രറി സെസ്സ് + സേവന നികുതി |
| 1.മോഹനൻ,കണ്ടനി വീട്, പാലക്കൽ | | | | | | | | |
| XIV/ 259F/ വാണിജ്യം | 23.64 | (23.64x30) +20% =852 | 43+ 43 | 710 | 36+ 36 | 11403106498 to 504/12.12.14 | 142 | 7+7 |
| XIV/ 259G/ വാണിജ്യം | 28.31 | 1019 | 51+ 51 | 850 | 43+ 43 | ,, | 169 | 8+8 |
| XIV/ 259H/ വാണിജ്യം | 20.30 | 731 | 37+ 37 | 609 | 31+ 31 | ,, | 122 | 6+6 |
| XIV/ 259I/ വാണിജ്യം | 28.83 | 1038 | 52+ 52 | 865 | 44+ 44 | ,, | 173 | 8+8 |
| XIV/ 259J/ വാണിജ്യം | 20.86 | 751 | 38+ 38 | 626 | 32+ 32 | ,, | 125 | 6+6 |
| XIV/ 259K/ താമസം | 62.84 | (62.84x7) +20% =528 | 26+ 26 | 435 | 22+ 22 | ,, | 93 | 4+4 |
| XIV/ 259L/ | 70.32 | 591 | 30+ 30 | 493 | 25+ 25 | " | 98 | 5+5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| താമസം | | | | | | | | |
| 2.ആന്റോ, പാലിയേക്കര ,അവിണിശ്ശേരി | | | | | | | | |
| IX/ 249A/ വാണിജ്യം | 58.59 | (58.59x30) +20% =2109 | 105+ 105 | 1758 | 88+ 88 | 11403100126 to 140/9.04.14 | 351 | 17+ 17 |
| IX/ 249B/ വാണിജ്യം | 14.08 | 507 | 25+ 25 | 423 | 22+ 22 | " | 84 | 3+3 |
| IX/ 249C/ വാണിജ്യം | 26.35 | 949 | 47+ 47 | 791 | 40+ 40 | " | 158 | 7+7 |
| IX/ 249D/ വാണിജ്യം | 29.30 | 1055 | 53+ 53 | 879 | 44+ 44 | " | 176 | 9+9 |
| IX/ 249E/ വാണിജ്യം | 14.94 | 538 | 27+ 27 | 449 | 23+ 23 | " | 89 | 4+4 |
| IX/ 249F/ വാണിജ്യം | 35.23 | 1268 | 63+ 63 | 1057 | 53+ 53 | " | 211 | 10+ 10 |
| IX/ 249G/ വാണിജ്യം | 33.11 | 1192 | 60+ 60 | 994 | 50+ 50 | | 198 | 10+ 10 |
| IX/ 249H/ വാണിജ്യം | 18.89 | 680 | 34+ 34 | 567 | 29+ 29 | | 113 | 5+5 |
| IX/ 249I/ വാണിജ്യം | 26.38 | 950 | 48+ 48 | 792 | 40+ 40 | | 158 | 8+8 |
| IX/ 249J/ വാണിജ്യം | 22.73 | 818 | 41+ 41 | 682 | 35+ 35 | | 136 | 6+6 |
| IX/ 249K/ വാണിജ്യം | 18.11 | 652 | 33+ 33 | 544 | 28+ 28 | | 108 | 5+5 |
| IX/ 249L/ വാണിജ്യം | 40 | 1440 | 72+ 72 | 1200 | 60+ 60 | | 240 | 12+ 12 |
| IX/ 249M/ വാണിജ്യം | 17.18 | 618 | 36+ 36 | 516 | 26+ 26 | | 102 | 10+ 10 |
| 3.ജോസ് ,പാഴായി<br><br>പെരിഞ്ചേരി | | | | | | | | |
| VIII/ 350A/ താമസം | 176.09 | (176.09x7) +20% =1479 | 74+ 74 | 1233 | 62+ 62 | 11403102422/ 25.09.14 | 246 | 12+ 12 |
| 4.ജോസ്,തറയിൽ,പാലക്കൽ | | | | | | | | |
| XIV/ 415A/ താമസം | 221.63 | (221.63x7) +20% =1862 | 93+ 93 | 1552 | 78+ 78 | 11403105103/ 22.11.14 | 310 | 15+ 15 |
| 5.മുരളി,നെല്ലിപറമ്പിൽവള്ളിശ്ശേരി | | | | | | | | |
| VIII/ 316A (വാണിജ്യം) | 47.23 | (47.23x30) -10% for roof +20% =1559 | 78+ 78 | 1275 | 64+ 64 | 11403100676/ 24.05.14 | 284 | 14+ 14 |
| ആകെ | | | | | | | 3886 | 191+ 191 |

കുറവായി ഈടാക്കിയ വസ്തുനികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ടാക്സ് എന്നിവ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വാഹനമായ KL-08 AP 401 നമ്പർ ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ആയ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

2.ഓരോ മാസാവസാനവും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ ഒഴിവാക്കേണ്ടതും വാഹന പരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്)170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-2 തുല്യതാ പരീക്ഷ

പ്രൊജക്റ്റ് നം - S0009/15

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 13-ാംധനകാര്യകമ്മീഷൻ ഗ്രാന്റ്=18,000/-

ചെലവ്-ട്രഷറിബിൽ നം-50/14-15/16.3.15 (ഡിഡി നം.999372/18.3.15), തുക=18,000/-

10-ാം തരം തുല്യതാപരീക്ഷ എഴുതുന്ന 9 പേർക്കായി 2000/- രൂപ വീതം 18,000/- രൂപ ഡയറക്ടർ, KSLMA,തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി , പരീക്ഷാർത്ഥികൾ പരീക്ഷ എഴുതിയതിനു തെളിവായി പരീക്ഷാകേന്ദ്രം മേധാവിയുടെ ഹാജർ സാക്ഷ്യപത്രം ,ഹാൾടിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 18,000/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം 7/25.4.16)

## 3-3 സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം-വിനിയോഗവിവരമില്ല

പ്രൊജക്റ്റ് നം- S0163/15

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 13-ാംധനകാര്യകമ്മീഷൻ ഗ്രാന്റ്=2,45,701/-

ചെലവ്-ട്രഷറി ബിൽ നം-ഡിഡി നം.999431/27.3.15, തുക=2,45,701/-

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.3.2015 ലെ യോഗ നടപടിക്കുറിപ്പ് ക്രമനം 3.12 പ്രകാരം കേരള സാമൂഹ്യസുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന ക്യാൻസർ സുരക്ഷ,താലോലം,കോക്ളിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവ്വം, സ്നേഹസ്പർശം, സമാശ്വാസം,ആശ്വാസകിരണം,വയോമിത്രം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനുള്ള സംഭാവന യായി, 2,45,701/-രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം-ന് കൈമാറിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം 7/25.4.2016 നൽകിയതിനെ തുടർന്ന് 25.4.16 ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് എ2/25/16 നമ്പറായി പഞ്ചായത്ത് കത്തു അയച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം കിട്ടുന്നമുറക്ക് ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 2,45,701/- രൂപ തടസ്സപ്പെടുത്തുന്നു

## 3-4 സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കി

പ്രൊജക്റ്റിന്റെ പേര്-പഞ്ചായത്ത് സെക്രട്ടറിക്കും പ്രസിഡന്റിനും ലാപ് ടോപ്പ് വാങ്ങൽ

പ്രൊജക്റ്റ് നം – S0001/15

ചെലവ്-ട്രഷറി ബിൽ നം. - 60/14-15/27.3.15,

(ഡിഡി നം999433/ 27.3.15) തുക- 83,800/-

GO(Rt)1174/14/LSGD/16.5.14 ഉത്തരവിൽ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് ഉപയോ ഗിച്ച് പഞ്ചായത്ത് സെക്രട്ടറിക്കും പ്രസിഡന്റിനും ലാപ്ടോപ്പ് വാങ്ങുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത് .എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം വികസനഫണ്ട് ഉപയോഗിച്ചാണ് ലാപ് ടോപ്പ് വാങ്ങിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ചാണ് പ്രൊജക്റ്റ് നടപ്പാക്കിയത്. ചെലവു തുക തനതുഫണ്ടിൽ നിന്നും വികസന ഫണ്ടിലേക്ക് തിരിച്ചടവാ ക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 8/26.4.16)

## 3-5 ഫോട്ടോസ്റ്റാറ്റ് മെഷീൻ-എ.എം.സി,കരാർ അപൂർണ്ണം

പ്രൊജക്റ്റിന്റെ പേര്-പഞ്ചായത്തിലെ കംപ്യൂട്ടർ,അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക്
എ.എം.സി, S0002/15

അടങ്കൽ-വികസനഫണ്ട് :- കംപ്യൂട്ടർ =59,000

, ഫോട്ടോസ്റ്റാറ്റ് മെഷീൻ= 6,000

ആകെ =65,000

കെൽട്രോണിന്റെ 4.6.14 തിയതിയിലെ CASO/IT/SJ/2014-15/387നംപർ കത്തുപ്രകാരം പഞ്ചായത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോസ്റ്റാറ്റ് മെഷീൻ പഴകിയതും സ്പെയർ പാർട്സ് ലഭ്യമല്ലാത്തതുമായതിനാൽ കെൽട്രോൺ എ.എം.സി ഏറ്റെടുത്തിട്ടില്ല. എന്നാൽ പഞ്ചായത്ത് കമ്മറ്റിയുടെ 12.8.14 തിയതിയിലെ തീരുമാനം നം.I(II)/2014 പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീന് എ.എം.സിയ്ക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും ഗ്രാഫിക്കോം സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ 6000/- രൂപയുടെ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.ഡിഡി നം 999165/12.1.15 പ്രകാരം 6000/- രൂപ ടി സ്ഥാപനത്തിന് നൽകി.

ഗ്രാഫിക്കോം സിസ്റ്റംസുമായുള്ള കരാറിൽ കരാർ നമ്പർ,തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല . കരാറിന് എന്നുമുതൽ എന്നുവരെയാണ് പ്രാബല്യമെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.കരാർ കൃത്യമായി തയ്യാറാക്കാതിരിക്കുന്നത് പഞ്ചായത്തിന് തൃപ്തികരമായ രീതിയിൽ സേവനം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ കരാറുകാരന് എതിരെ നടപടിസ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കും. പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.(ഓഡിറ്റ് അന്വേഷണം 9/26.4.16)

## 3-6 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ

പ്രൊജക്റ്റ് നം- S0131/15

നിർവ്വഹണം- അസി.സെക്രട്ടറി

അടങ്കൽ:- വികസനഫണ്ട് 8,00,000
ഗുണഭോക്താക്കളുടെ വായ്പ – 17,60,000

ആകെ – 25,60,000

ചെലവ്- ട്രഷറി ബില്ല് നം-9/14-15/16.3.15- 1,00,000

ട്രഷറി ബില്ല് നം-13/14-15/16.3.15- 5,00,000

ഓട്ടോറിക്ഷ വാങ്ങുന്നതിനായി 12 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം 6,00,000/- രൂപ സബ്സിഡിയിനത്തിൽ കാനറബാങ്ക് ഒല്ലൂർബ്രാഞ്ചിന് അനുവദിച്ചിട്ടുണ്ട്. ( ഡിഡി നം. 999344/ 16.03.15-1,00,000/- ,ഡിഡി നം.999430/27.3.15-5,00,000/-)ബാങ്ക് ഈതുക 0% പലിശക്ക് ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. 12 ഗുണഭോക്താക്കളും ഓട്ടോറിക്ഷാ വാങ്ങിയതിന്റേയും ഇവർക്ക് ലോൺ അനുവദിച്ചതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. 3 വർഷത്തേക്കാണ് ലോൺ അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ ലോൺ കൃത്യമായി അടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ലോൺ പാസ്സ് ബുക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം16/28.4.16 നൽകിയതിനെ തുടർന്ന് ഒരു ഗുണഭോക്താവിന്റെ മാത്രം (സുരഭി.കെ.സി)പാസ്സ് ബുക്ക് ഹാജരാക്കുകയുണ്ടായി.മറ്റു 11 പേർ ലോൺ കൃത്യമായി അടവാക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളെല്ലാവരും കാലാവധിക്കുള്ളിൽ തന്നെ ലോൺ കൃത്യമായി അടച്ചു തീർക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും കാലാവധിക്കുശേഷവും അടച്ചുതീർക്കാത്തതിനാൽ ബാങ്ക് നടപടികൾ സ്വീകരിക്കുന്നവരുടെ സബ്സിഡി തുക ബാങ്കിൽ നിന്നും തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

## 3-7 കന്നുകുട്ടി പരിപാലനം -അപാകത

പ്രൊജക്റ്റ് നമ്പർ- 52/2014-15

ചെലവ്– 6,25,000 രൂപ(വികസന ഫണ്ട്)

ട്രഷറി ബിൽ – 1/22.12.14

പദ്ധതിയുടെ ഭാഗമായി 100 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി 6,25,000 രൂപ എസ്.എൽ. ബി.പി, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. 4/2015 മുതൽക്കാണ് കാലിതീറ്റ വിതരണം ആരംഭിച്ചത്. സുരേഷ് , കുന്നത്തു വളപ്പിൽ എന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി ചത്തു പോയതിനാൽ 11/2015 വരെ മാത്രമേ കാലിതീറ്റ വാങ്ങിയിട്ടുള്ളൂവെന്ന് നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് .ടി ഗുണഭോക്താവിനുവേണ്ടി 12/15 മുതലുള്ള കാലയളവിലേക്കായി അടവാക്കിയ പദ്ധതി വിഹിതം എസ്.എൽ. ബി.പിയിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഗ്രൗണ്ട് - ചുറ്റുമതിൽ നിർമ്മാണം.

2010- 11 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 212/11 ആയി ആവിഷ്കരിച്ച ഈ പദ്ധതിക്കായി ലോകബാങ്ക് ഫണ്ട് 5,07,000/- അടങ്കൽ തുക വകയിരുത്തി ഗ്രൗണ്ട് ലെവലിംഗ് റീറ്റെയിനിംഗ് വാൾ എന്നീ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. ഈ പദ്ധതി 2014-15 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി, ഫൈനൽ ബിൽ തുക 69,269/- ബിൽ നമ്പർ 5/14-15, തിയതി 27-6-14 പ്രകാരം നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഗ്രൗണ്ട് നവീകരണത്തിനായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രൗണ്ടിലേക്കുള്ള വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. Agreement no: 47/11-12/AE/dtd 30-1-12 ന് കോൺട്രാക്ടർ ശ്രീ. സി. എ ബെന്നിയുമായി പത്തു ദിവസത്തിനകം പ്രവൃത്തി ആരംഭിക്കുവാൻ കരാർ ഏർപ്പിട്ടിട്ടുണ്ടെങ്കിലും പൂർത്തിയാക്കേണ്ട കാലാവധി ചേർത്തിട്ടില്ല. MBയിൽ പ്രവൃത്തി അവസാനമായി ചെക്ക് മെഷർ ചെയ്ത തിയതി 31.03.2014 ആണ്.

2.MB 54/11-12 പ്രകാരം item no:1 Earth work excavation in hard soil for foundation of retaining wall and filling in the excavated earth in the low level portion of the earth എന്ന പ്രവൃത്തിക്കായി 1967.40$m^3$@ 1725/10$m^3$ rateൽ 3,39,376.50/- രൂപ അനുവദിച്ചിട്ടുണ്ട്. ക്വാണ്ടിറ്റി കാൽക്കുലേഷൻ ഷീറ്റ് - ഫൈനൽ ലെവൽ പ്രകാരം 1967.399$m^3$ മണ്ണ് cut ചെയ്യുകയും, 1165.007$m^3$ മണ്ണ് ഫിൽ ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെട്ട ത്തിയിട്ടുമുണ്ട്. എന്നാൽ അളവു പുസ്തക പ്രകാരം 1967.399$m^3$ ( check measured on 28.4.12). മണ്ണും ലെവൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളിലെ പൊരുത്തക്കേട് വിശദീകരി ക്കേണ്ടതാണ്.

3. അസിസ്റ്റന്റ് എഞ്ചിനിയർ സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം ( AE/GEN/ AVG dtd nil) ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിക്ക് മണ്ണ് എടുത്തതിന്റെ ഭാഗമായി ബാക്കി വന്ന 802M3 മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മണ്ണിന്റെ വില കണക്കാക്കിയിട്ടുണ്ട്. (rate of earth as per 2012 SOR 218/m3 = 218x 802 = 1,74,836/-).അസി. എഞ്ചിനീയർ വില കണക്കാക്കി ഗ്രൗണ്ടിൽ നിന്നും നീക്കുവാൻ ആവശ്യപ്പെട്ട മണ്ണ് വീണ്ടും അവിടെതന്നെ ലെവലിംഗിനായി ഉപയോഗിച്ചു.

4. 12.8.14 ലെ തീരുമാനം 1(7) പ്രകാരം ഗ്രൗണ്ടിൽ ബാക്കി വന്ന മണ്ണ് ഗ്രൗണ്ടിലേക്ക് വഴി നിർമ്മിക്കുന്നതിനൊ ഗ്രൗണ്ട് ഉയരം കൂട്ടി ലെവൽ ചെയ്യുന്നതിനോ ആവശ്യമായതിനാൽ അവിടെ തന്നെ സൂക്ഷിക്കുന്നതിന് യോഗം തീരുമാനിച്ചിട്ടുണ്ട്. മണ്ണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ടിൽ തന്നെ ലെവൽ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായി അസി. എഞ്ചിനീയർ ഓഡിറ്റ് എൻക്വയറി 6/23.4.16 ന് മറുപടി നൽകിയിട്ടുണ്ട്. നാളിതുവരെ ഗ്രൗണ്ടിലേക്കുള്ള വഴി ലഭിച്ചിട്ടില്ല.ഗ്രൗണ്ട് ഉയരം കൂട്ടേണ്ട ആവശ്യവും വ്യക്തമല്ല. ആവശ്യത്തിലേറെ മണ്ണ് എടുക്കുവാനുണ്ടായ സാഹചര്യവും വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

## 3-9 പൈക്കാ 2014-15 തീവണ്ടിക്കുളം നവീകരണം

K.S.S.C/ PICCA/4522/13, dtd 10-7-14 (Cheque no: 857617/10-7-14) പ്രകാരം പൈക്കാ ഫണ്ടിന്റെ ആദ്യ ഗഡു 3,20,000/- പഞ്ചായത്തിന് ലഭിച്ചതിൽ 2,10,000/- രൂപ വാർഡ് 5 ൽ സ്ഥിതി ചെയ്യുന്ന തീവണ്ടിക്കുളത്തിന്റെ നിലവിലുള്ള കെട്ടുപൊളിച്ചു മാറ്റി തീവണ്ടി കുളം സ്വിമ്മിംഗ് പൂൾ ആക്കുന്നതിന് സൈഡ് കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 15/5/15ലെ 8(2) തീരുമാനമായി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചെങ്കിലും പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 ക്ഷേമപെൻഷൻ -അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാന മെടുക്കുന്നതിന് ചട്ട പ്രകാരമുള്ള സമയ പരിധി പാലിക്കപ്പെടുന്നില്ല. (40-60 ദിവസങ്ങൾ)

| പെൻഷൻ | പേര് /മേൽവിലാസം | അപേക്ഷ നൽകിയ തീയതി | തീരുമാനമെടുത്ത തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| വാർദ്ധക്യ കാലപെൻഷൻ | കാർത്ത്യായനി, കറുത്തേടത്ത്,പെരിഞ്ചേരി | 23.5.14 | 21.8.14 |
| | ബാലകൃഷ്ണൻ.എ.ആർ, എടത്തേടത്ത്, വള്ളിശ്ശേരി | 7.7.14 | 28.10.14 |
| വിധവാ പെൻഷൻ | സുമ ടി.കെ,പാറയ്ക്കൽ, അവിണിശ്ശേരി | 14.11.14 | 28.2.14 |
| | ജോയ്സി മാത്യു, കിടങ്ങൻ ഹൗസ്. പാലിശ്ശേരി | 5.4.14 | 14.7.14 |
| വികലാംഗ പെൻഷൻ | മുരളി.പി,തുടിനായിൽ, അവിണിശ്ശേരി | 10.1.14 | 20.5.14 |
| | മോഹനൻ കൊച്ചപ്പൻ,വലിയപുരയ്ക്കൽ, അവിണിശ്ശേരി | 12.2.14 | 20.5.14 |
| | ബെറ്റ്നാ ബിനോയ്,പുളിക്കുന്നേൽ, അവിണിശ്ശേരി | 19.7.14 | 1.10.14 |

ക്ഷേമ പെൻഷൻ അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)2014-15 വർഷം പഞ്ചായത്ത് വിതരണം ചെയ്ത ക്ഷേമ പെൻഷനുകൾ വിവിധ കാരണങ്ങളാൽ ഗുണഭോക്താക്കൾ കൈപ്പറ്റാതെ തിരികെ ലഭിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| പെൻഷൻ | തിരികെ വന്ന തുക |
|---|---|
| വികലാംഗ പെൻഷൻ | 7800 |
| തൊഴിൽ രഹിത വേതനം | 20520 |
| വാർദ്ധക്യകാലപെൻഷൻ | 80800 |
| വിധവ പെൻഷൻ | 35560 |
| കർഷക തൊഴിലാളി പെൻഷൻ | 23400 |
| അവിവാഹിതപെൻഷൻ | 7700 |

ആയതിനാൽ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3) ഗവ.സർക്കുലർ 57414/ഡി പി 1/03/തസ്വഭവ തീ. 18.12.03ൽ നിർദ്ദേശിച്ച പ്രകാരം പെൻഷൻ അപേക്ഷകൾ, അർഹതാമാനദണ്ഡങ്ങൾ, അനുവദിച്ച്/ തിരസ്കരിച്ച അപേക്ഷകൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

4) കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 എ(സി) പ്രകാരം ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ഉണ്ടായിരിക്കണം. ഇപ്രകാരം ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടില്ല..

അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 തൊഴിലുറപ്പ് പദ്ധതി-അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2014-15 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| അടിസ്ഥാനവിവരങ്ങൾ | 2014-15 |
|---|---|
| രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1447 |
| തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1447 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 345 |
| ആകെ അടങ്കൽ | 6,45,47,500 |
| നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | 61 |
| പൂർത്തീകരിച്ച പദ്ധതി കളുടെ എണ്ണം | 51 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 442 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 54 |
| 2014-15 വർഷത്തെ ആകെ ചെലവ് | 14-15 വർഷത്തെ<br>ചെലവു തുക 4290937<br>13-14 വർഷത്തെ 964817<br>പ്രവർത്തികളുടെ തുക<br>14-15 വർഷത്തിൽ<br>ചെലവു ചെയ്തത്<br>________________<br>ആകെ 5255754<br>=========== |

<u>നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം</u>

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്നവിഭാഗം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1 | ചെറുകിട ജലസേചനം | 10 | 384440 |
| 2 | പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 47 | 444766 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 4 | 107731 |
| 4 | അഡ്മിനിസ്ട്രേഷൻ | - | 3354000 |
| | ഒട്ടാകെ | | 4290937 |

<u>തൊഴിലുറപ്പ് പദ്ധതി- അപാകതകൾ</u>

1)2014-15 വർഷത്തെ ആകെ അടങ്കൽ തുക 6.45കോടി രൂപയായിരുന്നു.എന്നാൽ 42.9 ലക്ഷം രൂപയാണ് ചെലവുചെയ്തിട്ടുള്ളത് . അതായത് അടങ്കലിന്റെ 15% മാത്രമാണ് ചെലവ്.

ആകെ 345 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 61 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കാനാരംഭിച്ചത്. ആക്ഷൻപ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ പരമാവധി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)പല പദ്ധതികളും എസ്റ്റിമേറ്റ് തുകയേക്കാൾ വളരെകുറഞ്ഞ തുകയ്ക്ക് പൂർത്തീകരിച്ചിട്ടുണ്ട്, ഉദാഹരണത്തിന്-

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | പ്രതീക്ഷിക്കുന്ന മനുഷ്യദിനം | ഫൈനൽബിൽ തുക | ഉപയോഗിച്ച മനുഷ്യദിനം |
|---|---|---|---|---|
| തോട്ടപ്പായതോട് വൃത്തിയാക്കി ആഴം കൂട്ടൽ | 75,000 | 332 | 14,977 | 69 |
| പുഞ്ചപ്പാടത്തെ ചാലും കൈ ചാലും വൃത്തിയാക്കി ആഴം കൂട്ടൽ | 1,00,000 | 433 | 54,294 | 249 |
| അംബേദ്കർ കുളം ആഴം കൂട്ടി ജലസംരക്ഷണം | 82,000 | 296 | 15,160 | 56 |

എസ്റ്റിമേറ്റ് യാഥാർത്ഥ്യബോധത്തോടെതയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) തോടുകളും കുളങ്ങളും ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണിന്റെ വിനിയോഗവിവരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണങ്ങൾ-

| പ്രവൃത്തിയുടെ പേര് | അളവുപുസ്തകം | ലഭിച്ചമണ്ണ് |
|---|---|---|
| നാങ്കുളം തോട് വൃത്തിയാക്കി ആഴം കൂട്ടൽ | 9/14-15 | 823.84 $m^3$ |
| പുഞ്ചപ്പാടത്തെ ചാലും കൈചാലുംവൃത്തിയാക്കി ആഴം കൂട്ടൽ | 31/14-15 | 701.06$m^3$ |
| വടക്കേപ്പാടംതോട് വൃത്തിയാക്കി ആഴം കൂട്ടൽ | 4/14-15 | 1043.71 $m^3$ |

ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഇനം 2 ആയി സാധാരണ മണ്ണിൽ 1.5m വരെ താഴ്ചയിൽ നിന്ന് മണ്ണ് വെട്ടിമാറ്റി .5m അകലത്തിൽ കൊണ്ടുപോയി നിക്ഷേപിക്കുന്ന പണിയാണ് ചെയ്തിട്ടുള്ളത്. ആയതുപ്രകാരം ലഭിച്ച മണ്ണ് മറ്റെന്തെങ്കിലും പണിക്ക് ഉപയോഗിച്ചതായോ അല്ലെങ്കിൽ ആയതു ഉപയോഗശൂന്യമാണെന്നോ അളവുപുസ്തകങ്ങളിൽ സാങ്കേതിക ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫലമായി ലഭിക്കുന്ന മണ്ണ് ഉപയോഗയോഗ്യമല്ലെങ്കിൽ ആയത് അളവുപുസ്തകത്തിൽ സാങ്കേതിക ഉദ്യോഗസ്ഥൻ പ്രത്യേകം രേഖപ്പെടുത്തണം. അല്ലാത്ത പക്ഷം മണ്ണ് മറ്റേതെങ്കിലും പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ലേലം ചെയ്യുകയോ വേണം. ഭാവിയിൽ തൊഴിലുറപ്പ് വിഭാഗം സാങ്കേതിക ഉദ്യോഗസ്ഥർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

4)മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾക്കും വരൾച്ച തടയൽ,വനവത്ക്കരണം,ഭൂവികസനം എന്നവയ്ക്കു വേണ്ടി തുക ചെലവഴിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | മുൻബാക്കി | 10000 | മാനസിക ശാരീരിക വൈകല്യ മുള്ളവർക്ക് സ്കോളർഷിപ്പ് | | 10000 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 62500 | മാനസികശാരീരിക വൈകല്യ മുള്ളവർക്ക് സ്കോളർഷിപ്പ് | 62500 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 75014 | ബാലസദനം ബ്രാഞ്ച് റോഡ് | 75014 | 0 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 900000 | വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ സംരംഭകേന്ദ്രം | 571953 | 328047 |
| ബ്ലോക്ക് പഞ്ചായത്ത് ചേർപ്പ് | മുൻബാക്കി | 517624 | മഹാത്മ റോഡ് ടാറിംഗ് 15423<br>ജവഹർ റോഡ് റീടാറിംഗ് 70<br>ചൊവ്വൂർ പെരിഞ്ചേരി റോഡ് കൾവർട്ട്-കാനനിർമ്മാണം 2131<br>വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ സംരംഭ കേന്ദ്രം 500000 | 0 | 517624 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് ചേർപ്പ് | 2014-15 | 400000 | വനിത വ്യവസായ കേന്ദ്രത്തിൽ തൊഴിൽ സംരംഭകേന്ദ്രം | 186150 | 213850 |
| ശിശുവികസന ഓഫീസ് ചേർപ്പ് | 2014-15 | 62500 | മാനസികശാരീരിക വൈകല്യ മുള്ളവർക്ക് സ്കോളർഷിപ്പ് | 62500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ചേർപ്പ് | എസ്.സി.പി- മുൻ ബാക്കി | 584400 | വനിത വ്യവസായ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വിപുലീകരണം | 584400 | 0 |
| ആകെ | | **2612038** | | **1542517** | **1069521** |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യ .ഡി ഇലക്ട്രിക്കൽ സെക്ഷൻ, തൃശ്ശൂർ | അംഗൻവാടി വയറിംഗ് (സെന്റേജ് ചാർജ് | 21400370/251242/ 28.8.14 | 10375 | 10375 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8818/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2013-14 | 2(5) | 450 | അവിണിശ്ശേരി സർവീസ് സഹകരണ ബാങ്ക് | 11403108795-23.2.2015 |
| 2013-14 | 3(6) | 5818 | യു.എൻ.രാമചന്ദ്രൻ ,കരാറുകാരൻ | 1140 3108757-23.2.15 |
| 2013-14 | എൻക്വയറി നം.18/23.2.15 | 400 | അശ്വതി വിശ്വനാഥൻ | 1149990012--23.2.15 |
| 2013-14 | എൻക്വയറി നം.18/23.2.15 | 900 | ഗിരീഷ് പി.എ | 1149990011-23.2.15 |
| 2013-14 | എൻക്വയറി നം.6--20.2.15 | 1250 | മാനേജർ,സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 11403109308-05.3.15 |
| ആകെ | | 8818/- | | |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54845924 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49060610 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15737 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 263701 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11851 | | കെ.വി. വത്സലകുമാരി,സെക്രട്ടറി |
| 2-5 | 3886 | | കെ.വി. വത്സലകുമാരി,സെക്രട്ടറി |
| ആകെ | 15737 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 18000 | കെ.വി. വത്സലകുമാരി,സെക്രട്ടറി |
| 3-3 | 245701 | “ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ  വിവരം</u>

ഖ,നം .2.5-191 രൂപ - സർവീസ് ടാക്സ്

ഖ നം.2.5-191 രൂപ -ലൈബ്രറി സെസ്സ്

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം  ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം   മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.വി.വത്സലകുമാരി, സെക്രട്ടറി | സെക്രട്ടറി, അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്(ലീവിൽ) | ഉള്ളൂക്കാരൻ പറമ്പിൽ ഹൗസ്, പുല്ലൂറ്റ്.പി.ഒ, കൊടുങ്ങല്ലൂർ,തൃശ്ശൂർ |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2(6) | 2003-04 | 3.8.11 | സാംസ്കാരിക നിലയത്തിന്റെ എക്സ്റ്റൻഷൻ പണിക്ക് കോസ്റ്റ് ഫോർഡിന് പ്രവർത്തി മൂല്യത്തേക്കാൾ കൂടുതലായി 26313 രൂപ നല്കിയിരിക്കുന്നു | അപാകതകൾ പരിഹരിച്ചു |
| 2000-01 | 2(7) | " | " | പാലക്കൽ കുടിവെള്ള | “ |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതിക്ക് പ്രവർത്തി മൂല്യത്തേക്കാൾ കൂടുതലായി 11946 രൂപ നല്കി | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 78-79 | എൽ.എഫ്.ടി.10-1926/82/07/7.6.83 | |
| 79-80 | എൽ.എഫ്.ടി.10-1929/83/16.3.84 | |
| 80-81 | എൽ.എഫ്.ടി.10-1623/84/6.11.85 | |
| 81-82 | എൽ.എഫ്.ടി.10-427/86/27.8.87 | |
| 82-83 | എൽ.എഫ്.ടി.10-1360/87/1.2.88 | |
| 83-84 | എൽ.എഫ്.ടി.10-1541/88/4.3.89 | |
| 85-86 | എൽ.എഫ്.ടി.7-722/90/16.10.90 | |
| 86-87,87-88 | എൽ.എഫ്.ടി.17-1050/91/16.8.91 | |
| 88-89,89-90 | എൽ.എഫ്.ടി.17-1550/92/15.1.93 | |
| 90-91 | എൽ.എഫ്.ടി.8-1176/94/22.2.95 | |
| 92-93,93-94 | എൽ.എഫ്.ടി.8-194/95/16.12.95 | |
| 94-95,95-96 | എൽ.എഫ്.ടി.8-172/97/19.6.97 | |
| 96-97 | എൽ.എഫ്.ടി.8-1478/98/15.7.98 | |
| 97-98 | എൽ.എഫ്.ടി.8-1534/98/15.7.99 | |
| 98-99 | എൽ.എഫ്.ടി.8-1711/2000/1.3.01 | |

| | | |
|---|---|---|
| 99-00 | എൽ.എഫ്.ടി.8-966/01/5.11.01 | |
| 00-01 | എൽ.എഫ്.ടി.15-725/05/2.1.06 | |
| 01-02 | എൽ.എഫ്.ടി.15-1130/05/18.2.06 | |
| 02-03 | എൽ.എഫ്.ടി.പി.2-519/12/2.3.12 | |
| 03-04 | | |
| 04-05 | | |
| 05-06 | | |
| 06-07 | | |
| 07-08 | എൽ.എഫ്.ടി.പി.9-922/21.1.11/5.1.12 | |
| 08-09 | | |
| 09-10,10-11 | എൽ.എഫ്.ടി.പി.2-1871/12-3.10.12 | |
| 11-12 | എൽ.എഫ്.ടി.പി260/2013/17.4.13/12.8.13 | |
| 12-13 | എൽ.എഫ്.ടി.പി.2-2168/13-7.5.14/16.7.14 | |
| 13-14 | എൽ.എഫ്.ടി.പി.2-284/2015-11.5.15/24.7.15 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്